Deshabhimani 16-02-19, p-16

K.A.U (P.O.) THRISSUR

# കാർഷിക വിപ്ലവ സന്നാഹം കർമരംഗത്തേക്ക്

- സംസ്ഥാനതല ഉദ്ഘാടനം 18ന് മുഖ്യമന്ത്രി നിർവഹിക്കും
- സാങ്കേതിക വിദഗ്ധരടങ്ങിയ സഞ്ചരിക്കുന്ന കാർഷികയന്ത്ര പുനർനിർമാണ യൂണിറ്റുകൾ ജില്ലകളിലെത്തും

**സി എ പ്രേമചന്ദ്രൻ**

**തൃശൂർ**

പ്രളയത്തിൽ തകർന്ന കാർഷിക യന്ത്രങ്ങളുൾപ്പെടെ പ്രവർത്തന സജ്ജമാക്കി കൃഷിയെ വീണ്ടെടുക്കാൻ സൈന്യമിറങ്ങുന്നു. സംസ്ഥാനത്തെ കാർഷിക യന്ത്രവൽക്കരണ മിഷന്റെ ലോഞ്ചിങ്ങിനൊപ്പമാണ് കാർഷിക വിപ്ലവ സന്നാഹം കർമരംഗത്തിറങ്ങുക.

സാങ്കേതിക വിദഗ്ധരടങ്ങിയ സഞ്ചരിക്കുന്ന കാർഷികയന്ത്ര പുനർനിർമാണ യൂണിറ്റുകൾ ജില്ലകൾ തോറും സഞ്ചരിക്കും. കൃഷിക്ക് കാർഷിക ഓഫീസറിനൊപ്പം കൃഷി എൻജിനിയറുടെയും സേവനം, അതുവഴി കാർഷികമുന്നേറ്റം ഇതാണ് ലക്ഷ്യം. കാർഷിക വിപ്ലവ സന്നാഹത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തേക്കിൻകാട് മൈതാനിയിൽ 18ന് വൈകിട്ട് ആറിന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

സംസ്ഥാന കൃഷിവകുപ്പിന്റെ കീഴിലുള്ള കാർഷിക കർമസേനകളുടെയും അഗ്രോ സർവീസ് സെന്ററുകളുടെയും കീഴിലുള്ള യന്ത്രങ്ങളിൽ കേടുപാടുള്ളവയെല്ലാം അറ്റകുറ്റപ്പണി നടത്തും. ഇതിന്റെ കണക്കെടുപ്പ് പൂർത്തിയായി.

നെല്ല്, തെങ്ങ്, പച്ചക്കറി തുടങ്ങി ഏതെല്ലാം വിളകൾക്ക് അനുയോജ്യമായ ഏതെല്ലാം യന്ത്രങ്ങളുണ്ടെന്നും ഏതെല്ലാം കേന്ദ്രത്തിൽ ലഭ്യമാണെന്നുമുള്ള വിവരവും ശേഖരിച്ചു. യന്ത്രത്തിന് പ്രത്യേകം കോഡ് നമ്പറിട്ട് വിവരങ്ങൾ കംപ്യൂട്ടർ ആപ്ലിക്കേഷനിൽ കോർത്തിണക്കിയിട്ടുണ്ട്. ഇതോടെ കർഷകർക്ക് ആവശ്യാനുസരണം യന്ത്രങ്ങൾ ലഭ്യമാക്കാനാവും. മറ്റ് ഏജൻസികൾക്കു കീഴിലുള്ള എല്ലാ കാർഷിക യന്ത്രങ്ങളും ഫെബ്രുവരി 28നകം കൃഷിഭവനുകളിൽ രജിസ്റ്റർ ചെയ്യണമെന്ന് നിർദേശിച്ചു.

എല്ലാ ജില്ലകളിലും ഐടിഐ, ബിടെക് കഴിഞ്ഞവർക്ക് യന്ത്രങ്ങളുടെ അറ്റകുറ്റപ്പണിയിൽ പരിശീലനം നൽകി. ഇത്തരത്തിൽ ആറ് വിദഗ്ധരടങ്ങിയ സംഘമാണ് ജില്ലകൾ തോറും സഞ്ചരിക്കുക.

ജില്ലകളിലെ കൃഷിഭവന്റെ കസ്റ്റം ഹയർസെന്ററുകളിൽ എത്തിച്ചാണ് കാർഷിക യന്ത്രങ്ങൾ അറ്റകുറ്റപ്പണി നടത്തുക. ഒട്ടും ഉപയോഗ്യമല്ലാത്ത യന്ത്രങ്ങൾ നീക്കംചെയ്യും. സ്വകാര്യ യന്ത്രങ്ങളുടെയും അറ്റകുറ്റപ്പണി സൗജന്യമായി നടത്തും. സ്വകാര്യയന്ത്രങ്ങളുടെ കേടുവന്ന ഭാഗങ്ങൾ മാറ്റണമെങ്കിൽ സ്പെയർ പാർട്സുകളുടെ പണം അടയ്ക്കേണ്ടിവരും.

കർഷകർക്കാവശ്യമായ എല്ലാ യന്ത്രങ്ങളുടെയും സേവനം വിരൽത്തുമ്പിൽ ലഭിക്കുന്നതിനൊപ്പം കാർഷിക നൈപുണ്യമുള്ള തൊഴിലാളികളെയും വാർത്തെടുക്കും. മൂന്നു വർഷത്തിനകം കാൽലക്ഷം കാർഷിക യന്ത്ര വിദഗ്ധരെ വാർത്തെടുക്കും.

എല്ലാ യന്ത്രങ്ങൾക്കും ബിസിനസ് പ്ലാൻ ഉണ്ടാക്കും. പുതുതലമുറയെ അടക്കം കാർഷികരംഗത്തേക്ക് ആകർഷിക്കാൻ ഇതുവഴി കഴിയും.

തരിശുരഹിത ഭൂമികൾ തിരിച്ചുപിടിക്കലും കാർഷികരംഗത്ത് വൻമുന്നേറ്റവും ഈ പദ്ധതിലക്ഷ്യമിടുന്നു. മന്ത്രി വി എസ് സുനിൽകുമാറാണ് മിഷന്റെ ചെയർമാൻ.

കാർഷിക സർവകലാശാല വിസി ആർ ചന്ദ്രബാബുവാണ് ഡയറക്ടർ. മണ്ണുത്തി കാർഷിക ഗവേഷണകേന്ദ്രം മേധാവിയായിരുന്ന ഡോ. യു ജയകുമാരനാണ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ.